11. കമ്പ്യൂട്ടർവൽക്കരണ/ആധുനികവൽക്കരണപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി നടപ്പിലാക്കിവരുന്നു.

68 (1109) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി നടപടികൾ

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ട്രാൻസ്പോർട്ട് കോർപ്പറേഷൻ പുതിയ ഡിപ്പോകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) നിലവിലുള്ള ഡിപ്പോകളുടെ പ്രവർത്തനം ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശസാൽകൃത മേഖലയിലേയും യാത്രക്കാരുടെ തിരക്ക് കൂടുതലുള്ളതും വരുമാനം കൂടുതൽ ലഭിക്കുന്നതുമായ സർവ്വീസുകൾക്ക് മുൻഗണന നൽകി പരമാവധി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാൻ നടപടി സ്വീകരിച്ചു. സർവ്വീസുകളുടെ കൃത്യത പരിശോധിക്കുന്നതിനും വരുമാന ചോർച്ച തടയുന്നതിനും ലൈൻ ഇൻസ്പെക്ഷൻ വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. ദീർഘദൂര സർവ്വീസുകളുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി ഇത്തരം സർവ്വീസുകൾക്ക് പുതിയ ബസുകൾ ഉപയോഗിച്ച് വരുന്നു. നാഷണൽ ഹൈവേ എം.സി. റോഡ് എന്നിവയിലൂടെ കൂടുതൽ ദീർഘദൂര സർവ്വീസുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ-കാസർഗോഡ്-കോട്ടയം-കുമളി, പാലക്കാട്-തൃശ്ശൂർ കായംകുളം, പുനലൂർ, കുളത്തൂപ്പുഴ എന്നീ ദേശസാൽകൃത മേഖലകളിൽ സ്വകാര്യ സർവ്വീസുകളെ ഒഴിവാക്കി സർവ്വീസുകൾ നടത്തിവരുന്നു. സ്ഥിരം ഷെഡ്യൂളുകൾക്ക് രണ്ടു ഡ്രൈവർമാരെയും രണ്ട് കണ്ടക്ടർമാരെയും സ്ഥിരമായി അനുവദിച്ച് 'ബസ് ക്രൂ മേരേജ്' പദ്ധതി നടപ്പായി കഴിഞ്ഞു. ഇതിന്റെ ഫലമായി സർവ്വീസുകളുടെ കൃത്യനിഷ്ഠയും കാര്യക്ഷമതയും വർധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിലുപരി കഴിവതും ഒർജിനൽ സ്പെയർപാർട്ടുകൾ തന്നെ ലഭ്യമാക്കി അറ്റകുറ്റപ്പണികൾ നടത്തുന്നതിനാൽ ബ്രേക്ക്ഡൗൺ കുറയ്ക്കുവാനും കഴിയുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കെ.എസ്.ആർ.ടി.സി യുടെ കാര്യക്ഷമത വർധിപ്പിക്കുവാൻ സഹായകരമായിട്ടുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്.

(ഇ) കെ.എസ്.ആർ.ടി.സിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സർവ്വീസുകൾ വർദ്ധിപ്പിക്കേണ്ടതും, സർവ്വീസുകളുടെ കൃത്യനിഷ്ഠ പാലിക്കേണ്ടതും അത്യാവശ്യമാണ്. ഇതിലേക്ക് കൂടുതൽ പുതിയ ബസുകൾ നിരത്തിലിറക്കേണ്ടിയിരിക്കുന്നു. ഇതിനായി 'ഹഡ്കോ' വിവിധ ജില്ലാ കോ- ഓപ്പറേറ്റീവ് ബാങ്കുകൾ എന്നിവയിൽനിന്നും പണം കടമെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഹഡ്കോയിൽനിന്ന് 100 കോടി രൂപ അനുവദിച്ചു. ഇതുപയോഗിച്ച് രണ്ടായിരമാണ്ടിൽ 1200 പുതിയ ബസ്സുകൾ നിരത്തിലിറക്കുവാനും വർക്കുഷാപ്പുകൾ ആധുനിക വൽക്കരിക്കാനും തീരുമാനിച്ചിട്ടുണ്ട്. പാലക്കാട് ജില്ല കോ- ഓപ്പറേറ്റീവ് ബാങ്കിന്റെ സഹായത്തോടെ മുപ്പതു ബസുകൾ ഇതിനോടകം നിരത്തിലിറക്കികഴിഞ്ഞു. പുതുതായി നിരത്തിലിറക്കുവാൻ ഉദ്ദേശിക്കുന്ന ബസുകൾ പഴയവ നിരത്തിൽനിന്നും പിൻവലിക്കുന്നതിനും പുതിയ സർവ്വീസ് തുടങ്ങുന്നതിനുമായി ഉപയോഗിക്കും. ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും 30 കോടി രൂപ കടമെടുത്തു 300 ബസ്സുകൾ നിരത്തിലിറക്കാനും പദ്ധതിയുണ്ട്.

69 (1110) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കളക്ഷൻ

ശ്രീ. വി. ബാലറാം :

ശ്രീമതി. രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ജനുവരി മാസം 25- ന് തൊട്ടുമുമ്പുള്ള 30 ദിവസം കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കളക്ഷൻ എത്രയായിരുന്നു;

(ബി) പ്രസ്തുത കാലത്തെ ഒരു ദിവസത്തെ ശരാശരി കളക്ഷൻ എത്രയായിരുന്നു;

(സി) പ്രസ്തുത കാലത്ത് കെ.എസ്.ആർ.ടിസി വക ബസ്സുകൾ ഒട്ടാകെ എത്ര കി.മീറ്റർ ഓടിയിട്ടുണ്ട്;

(ഡി) അന്ന് ഒരു കി.മീറ്ററിന് ശരാശരി വരുമാനമെത്രയായിരുന്നു;

(ഇ) ആ കാലഘട്ടത്തിൽ ഒരു കി.മീറ്ററിന് ശരാശരി ചെലവ് എത്രയായിരുന്നു;

(എഫ്) 2000-മാണ്ട് ഫെബ്രുവരി 12-ന് തൊട്ടുമുമ്പുള്ള 30 ദിവസത്തെ കെ.എസ്.ആർ.ടി.സി യുടെ കളക്ഷൻ എത്രയായിരുന്നു;

(ജി) ഈ കാലഘട്ടത്തിൽ ഒരു ദിവസത്തെ ശരാശരി കളക്ഷൻ എത്രയായിരുന്നു;

(എച്ച്) ഈ കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി യുടെ ബസ്സുകൾ ഒട്ടാകെ എത്ര കിലോ മീറ്റർ ഓടിയിട്ടുണ്ട്;

(ഐ) അപ്പോൾ ഒരു കി.മീറ്ററിന് ശരാശരി വരുമാനമെത്രയായിരുന്നു;

(ജെ) ഈ കാലഘട്ടത്തിൽ ഒരു കി.മീറ്റർ ഓടുന്നതിന് ശരാശരി ചെലവെത്രയായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly